ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:27.12.2024**

## പ്രധാനവാർത്തകൾ

1). **മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന് രാജ്യത്തിൻറെ അന്ത്യാദരം. സംസ്കാരചടങ്ങുകൾ പൂർണ ഔദ്യോഗിക ബഹുമതികളോടെ ന്യൂഡൽഹിയിൽ നാളെ നടക്കും.**

2) **ഡോ. മൻമോഹൻ സിങ്ങിൻറെ വിയോഗത്തിൽ കേന്ദ്ര മന്ത്രിസഭായോഗം അനുശോചനം രേഖപ്പെടുത്തി. പ്രഗത്ഭനായ രാഷ്ട്രതന്ത്രജ്ഞനെയും, അതുല്യനായ നേതാവിനെയുമാണ് രാജ്യത്തിന് നഷ്ടമായതെന്ന് അനുശോചന പ്രമേയം.**

RJUTVPM

3) **വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ പുനരധിവാസത്തിനുള്ള ഭൂമി ഏറ്റെടുക്കലിനെതിരെ എസ്റ്റേറ്റ് ഉടമകൾ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. ദുരന്തബാധിതരുടെ മനസ്സറിഞ്ഞുള്ള വിധിയാണിതെന്ന് റവന്യൂമന്ത്രി കെ രാജൻ.**

4) **സന്തോഷ് ട്രോഫി ഫുട്ബോളിൽ ജമ്മു കശ്മീരിനെ ഏകപക്ഷീയമായ ഒരു ഗോളിന് തകർത്ത് കേരളം സെമിയിൽ.**

5) **വനിതാ ക്രിക്കറ്റിൽ വെസ്റ്റിൻഡീസിനെതിരായ ഏകദിന പരമ്പര സ്വന്തമാക്കി ഇന്ത്യ.**

***************************************************************

**മൻമോഹൻ സിങ്**

മുൻ പ്രധാനമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ ഡോ. മൻമോഹൻ സിങ്ങിന് രാജ്യത്തിൻറെ അന്ത്യാദരം. ന്യൂഡൽഹിയിലെ വസതിയിൽ നടക്കുന്ന പൊതുദർശനത്തിൽ രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ നിരവധി പ്രമുഖർ ആദരാഞ്ജലികൾ അർപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കളും ഡോ. മൻമോഹൻ സിങ്ങിന് അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. മല്ലികാർജുൻ ഖർഗേ, സോണിയാഗാന്ധി, രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കളും മുൻ പ്രധാനമന്ത്രിയ്ക്ക് ആദരം അർപ്പിച്ചു. ന്യൂഡൽഹി എയിംസിൽ ഇന്നലെ രാത്രി 9.51- ഓടെയാണ് ഡോ മൻമോഹൻ സിങ്ങ് വിട വാങ്ങിയത്. 92-കാരനായ അദ്ദേഹം കഴിഞ്ഞ കുറച്ചു നാളുകളായി ആരോഗ്യ പ്രശ്നങ്ങൾ നേരിടുകയായിരുന്നു. സംസ്കാരചടങ്ങുകൾ പൂർണ ഔദ്യോഗിക ബഹുമതികളോടെ ന്യൂഡൽഹിയിൽ നാളെ നടക്കും. കോൺഗ്രസ് ആസ്ഥാനത്തെ പൊതുദർശനത്തിനു ശേഷം രാവിലെ 9.30-ന് വിലാപയാത്രയായാകും ഭൗതികശരീരം സംസ്കാര സ്ഥലത്തെത്തിക്കുക. സംസ്കാര ചടങ്ങുകളോടനുബന്ധിച്ച് ന്യൂഡൽഹിയിലെ കേന്ദ്രസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പകുതി ദിവസത്തെ അവധി നൽകിയിട്ടുണ്ട്. ഡോ.മൻമോഹൻ സിംഗിനോടുള്ള ആദരസൂചകമായി രാജ്യത്ത് ജനുവരി ഒന്നു വരെ 7 ദിവസത്തെ ദു:ഖാചരണമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. എല്ലാ സർക്കാർ പരിപാടികളും റദ്ദാക്കിയിട്ടുണ്ട്.

************************************************************

RNUTVPM

**മൻമോഹൻ 2 ഇൻട്രോ**

ലോക പ്രശസ്ത സാമ്പത്തിക വിദഗ്ധനായിരുന്ന ഡോ മൻമോഹൻ സിങ്ങ് 2004 മുതൽ 2014 വരെയുള്ള കാലഘട്ടത്തിലാണ് ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനം വഹിച്ചിരുന്നത്. നരസിംഹറാവു സർക്കാരിൽ ധനമന്ത്രിയായിരുന്ന അദ്ദേഹം 1991-ൽ സാമ്പത്തിക ഉദാരവത്കരണം കൊണ്ടുവന്നതിലൂടെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ അടിമുടി പരിഷ്ക്കരണത്തിന് തുടക്കം കുറിച്ചു. അവിഭക്ത ഇന്ത്യയിലെ പഞ്ചാബ് പ്രവിശ്യയിൽ 1932 സെപ്റ്റംബർ 26- ന് ജനിച്ച മൻമോഹൻ സിങ്ങ് പഞ്ചാബ്, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് സർവകലാ ശാലകളിലാണ്പഠനം പൂർത്തിയാക്കിയത്. കേന്ദ്ര സർക്കാരിൻറെ മുഖ്യ സാമ്പത്തിക ഉപദേശകൻ, പ്ലാനിങ് കമ്മീഷൻ ഉപാധ്യക്ഷൻ, റിസർവ് ബാങ്ക് ഗവർണർ, യുജിസി ചെയർമാൻ എന്നീ നിലകളിൽ അദ്ദേഹം നിർണായക സംഭാവനകൾ രാജ്യത്തിന് നൽകി. 1991 മുതൽ 2024 വരെ രാജ്യസഭാംഗമായിരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വിവരാവകാശ നിയമം, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം എന്നിവ നടപ്പാക്കിയത് പ്രധാനമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിൻറെ നേട്ടങ്ങളായി കണക്കാക്കപ്പെടുന്നു. രാജ്യത്തിൻറെ ഭാവിയിൽ അകമഴിഞ്ഞ ആത്മവിശ്വാസം പ്രകടിപ്പിച്ചിരുന്ന നേതാവായിരുന്നു ഡോ.മൻമോഹൻ സിങ്ങ്. അദ്ദേഹത്തിൻറെ വാക്കുകളിലേക്ക്..

**(ഹോൾഡ്.......................)**

***********************************************************

**അനുശോചനം**

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിൻറെ വിയോഗത്തിൽ കേന്ദ്ര മന്ത്രിസഭായോഗം അനുശോചനം രേഖപ്പെടുത്തി. പ്രഗത്ഭനായ രാഷ്ട്രതന്ത്രജ്ഞനെയും, അതുല്യനായ നേതാവിനെയുമാണ് രാജ്യത്തിന് നഷ്ടമായതെന്ന് അനുശോചന പ്രമേയത്തിൽ പറയുന്നു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ പരിഷ്ക്കരിക്കുന്നതിൽ നിർണായക സംഭാവനകൾ നൽകിയ

RNU TVPM

നേതാവാണ് ഡോ. മൻമോഹൻ സിങ്ങെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അനുസ്മരിച്ചു. മികച്ച സാമ്പത്തിക വിദഗ്ധൻ, പരിഷ്കരണങ്ങൾക്കായി നിലകൊണ്ട നേതാവ് എന്നീ നിലകളിൽ അദ്ദേഹം എന്നും ഓർമ്മിക്കപ്പെടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഡോ മൻമോഹൻ സിംഗിൻ്റെ വിയോഗത്തിലൂടെ ഇന്ത്യയ്ക്ക് നഷ്ടമായത് ദീർഘവീക്ഷണമുള്ള രാഷ്ട്ര തന്ത്രജ്ഞനെയാണെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ അനുസ്മരിച്ചു. മൻമോഹൻ സിംഗിൻ്റെ വിയോഗം കോൺഗ്രസിന് തീരാനഷ്ടമാണെന്ന് കോൺഗ്രസ് മുൻ അധ്യക്ഷ സോണിയ ഗാന്ധി പറഞ്ഞു. രാജ്യത്തിൻ്റെ പുരോഗതിയിലുള്ള അദ്ദേഹത്തിൻ്റെ പ്രതിബദ്ധതയാണ് സാമ്പത്തിക പരിഷ്കാരങ്ങളിൽ പ്രതിഫലിച്ചിരുന്നതെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുസ്മരിച്ചു.

*************************************************************

RNU TVPM

## ഹൈക്കോടതി - വയനാട്

വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ പുനരധിവാസത്തിനായി സർക്കാർ കണ്ടെത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് എതിരെ ഉടമകൾ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. എസ്റ്റേറ്റുകൾക്ക് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് കോടതി പറഞ്ഞു. നഷ്ടപരിഹാര തർക്കങ്ങളുമായി ബന്ധപ്പെട്ട് ഉടമകൾക്ക് നിയമനടപടിയുമായി മുന്നോട്ടു പോകാവുന്നതാണെന്നും ഹർജി പരിഗണിച്ച ജസ്റ്റിസ് കൗസർ എടപ്പഗത്ത് വ്യക്തമാക്കി. ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിനാണെന്ന് പിന്നീട് കണ്ടെത്തിയാൽ നഷ്ടപരിഹാരത്തുക ഉടമകൾ തിരികെ നൽകണമെന്നും, ഇത് സംബന്ധിച്ച് സത്യവാങ്മൂലം നൽകണമെന്നും കോടതി നിർദ്ദേശിച്ചു.

*************************************************************

**വയനാട്-കെ രാജൻ - (ഇൻട്രോ)**

ചൂരൽമലയിലെ ദുരന്തബാധിതരുടെ മനസ്സറിഞ്ഞുള്ള വിധിയാണ് ഹൈക്കോടതിയിൽ നിന്നുമുണ്ടായതെന്ന് റവന്യൂമന്ത്രി കെ രാജൻ പ്രതികരിച്ചു. അർഹമായ തുക അർഹതപ്പെട്ടവർക്ക് നൽകുമെന്നാണ് ആദ്യംമുതലേ സർക്കാരിൻറെ നിലപാട്. സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ ശരിയാണെന്ന് ബോധ്യപ്പെടുത്തുന്ന വിധിയാണിതെന്നും മന്ത്രി പറഞ്ഞു.

**(ഹോൾഡ്.................)**

************************************************************

**ബ്രേക്ക്.......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

************************************************************

**പാപ്പാഞ്ഞി - അനുമതി**

പുതുവർഷാഘോഷങ്ങളോടനുബന്ധിച്ച് ഫോർട്ട് കൊച്ചി വെളിഗ്രൗണ്ടിൽ പാപ്പാഞ്ഞിയെ കത്തിക്കാൻ ഹൈക്കോടതി ഉപാധികളോടെ അനുമതി നൽകി. സുരക്ഷാ നടപടികൾ പാലിക്കാമെന്നും പാപ്പാഞ്ഞിയിൽ നിന്ന് 70 അടി ദൂരത്തിൽ ബാരിക്കേഡ് ഉയർത്തണമെന്നും കോടതി നിർദ്ദേശിച്ചു. പാപ്പാഞ്ഞിയെ കത്തിക്കുന്നത് വിലക്കിക്കൊണ്ട് പോലീസ് നൽകിയ നോട്ടീസിനെതിരെ ഗാല ഡി ഫോർട്ടുകൊച്ചി നൽകിയ ഹർജിയിലാണ് കോടതി ഉത്തരവ്.

************************************************************

**പത്തനംതിട്ട - (ഇൻട്രോ)**

ശബരിമല മകരവിളക്കിന് മുന്നോടിയായി വിവിധ സർക്കാർ വകുപ്പുകൾ, വിശുദ്ധി സേന,സന്നദ്ധ സംഘടനകൾ തുടങ്ങിയവർ സംയുക്തമായി മാലിന്യമുക്തം പൂങ്കാവനം ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. അപ്പാച്ചിമേട് മുതൽ സന്നിധാനം വരെയുള്ള ഇടങ്ങളിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്.

PNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

**(വോയിസ്.........)**

**************************************************************

**<u>ഗവർണർ - യാത്രയയപ്പ്</u>**

സ്ഥാനമൊഴിയുന്ന കേരളാ ഗവർണർ ആരിഫ് മുഹമ്മദ് ഖാന് രാജ്ഭവനിൽ നാളെ വൈകുന്നേരം യാത്രയയപ്പ് നൽകും. ബിഹാർ ഗവർണറായുള്ള അദ്ദേഹത്തിൻറെ നിയമനത്തിന് രാഷ്ട്രപതി കഴിഞ്ഞ ദിവസം അനുമതി നൽകിയിരുന്നു. നിലവിലെ ബിഹാർ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറാണ് പുതിയ കേരള ഗവർണർ.

**************************************************************

**<u>കല്ലാർകുട്ടി ഡാം</u>**

നേര്യമംഗലം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൻറെ ഭാഗമായുള്ള കല്ലാർകുട്ടി ഡാമിലെ ട്രാഷ് റാക്ക് മാറ്റി സ്ഥാപിക്കുന്നതിനാൽ ഇന്നുമുതൽ ഡാമിൽ നിന്നും 25 ക്യൂമെക്സ് വരെ ജലം പുറത്തേക്ക് ഒഴുക്കിവിടുമെന്ന് അധികൃതർ അറിയിച്ചു. കാലപ്പഴക്കത്തെ തുടർന്നാണ് ട്രാഷ് റാക്ക് മാറ്റി സ്ഥാപിക്കുന്നത്.

RNU TVPM

**************************************************************

**<u>കോഴിക്കോട് ഡി.എം.ഒ-ഹൈക്കോടതി</u>**

കോഴിക്കോട് ഡി.എം.ഒ ആയി ഡോ. രാജേന്ദ്രനെ നിയമിക്കാൻ ഹൈക്കോടതി ഇടക്കാല ഉത്തരവിൽ നിർദ്ദേശം. സ്ഥലംമാറ്റ ഉത്തരവ് ചോദ്യം ചെയ്ത് ഡോ. രാജേന്ദ്രനും മറ്റു രണ്ട് ഡോക്ടർമാരും സമർപ്പിച്ച ഹർജിയിലാണ് കോടതി നിർദ്ദേശം നൽകിയത്. ഡോ. രാജേന്ദ്രൻ സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്ന് വാങ്ങിയ സ്റ്റേ നിലനിൽക്കുമെന്നും കോടതി വ്യക്തമാക്കി.

**************************************************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിൽ ജമ്മു കശ്മീരിനെ ഏകപക്ഷീയമായ ഒരു ഗോളിന് തകർത്ത് കേരളം സെമി ഫൈനലിൽ. ഡെക്കാൻ അരീനയിൽ നടന്ന ആവേശകരമായ ക്വാർട്ടർ പോരാട്ടത്തിൻറെ രണ്ടാം പകുതിയിലാണ് വിജയഗോൾ പിറന്നത്. 72–ാം മിനിറ്റിൽ നസീബ് റഹ്മാനാണ് കേരളത്തിനായി ലക്ഷ്യം കണ്ടത്. ഇന്ന് രാത്രി 7.30-ന് നടക്കുന്ന അവസാന ക്വാർട്ടർ ഫൈനലിൽ മേഘാലയ നിലവിലെ ചാമ്പ്യൻമാരായ സർവീസസിനെ നേരിടും.
കേരളത്തിന് പുറമേ ബംഗാളും മണിപ്പുരും ഇതിനകം തന്നെ സെമിയിൽ കടന്നു.

*************************************************************

## വനിതാ ക്രിക്കറ്റ്

വനിതാ ക്രിക്കറ്റിൽ വെസ്റ്റിൻഡീസിനെതിരായ ഏകദിന പരമ്പര സ്വന്തമാക്കി ഇന്ത്യ. ഇന്ന് നടന്ന മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ അഞ്ച് വിക്കറ്റിന് ഇന്ത്യ വിൻഡീസിനെ പരാജയപ്പെടുത്തി. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത വിൻഡീസ് 38.5 ഓവറിൽ 162 റൺസ് എടുക്കുന്നതിനിടെ പുറത്തായി. മറുപടി ബാറ്റിങ്ങിൽ 28.2 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ വിജയലക്ഷ്യം മറികടക്കുകയായിരുന്നു.

RNU TVPM

*************************************************************

## ക്രിക്കറ്റ്

മെൽബണിൽ നടക്കുന്ന ബോർഡർ - ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ നാലാം മത്സരത്തിൻറെ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യയ്ക്ക് മോശം തുടക്കം. രണ്ടാം ദിനം കളി അവസാനിപ്പിക്കുമ്പോൾ ഇന്ത്യ 5 വിക്കറ്റ് നഷ്ടത്തിൽ 164 റൺസ് എന്ന നിലയിലാണ്. ആറ് വിക്കറ്റ് നഷ്ടത്തിൽ 311 എന്ന നിലയിൽ ഇന്ന് ബാറ്റിംഗ് പുനരാംരഭിച്ച ഓസീസ് 474 റൺസിന് പുറത്തായതോടെയാണ് ഇന്ത്യ മറുപടി ബാറ്റിംഗിനിറങ്ങിയത്. അഞ്ച് മത്സര പരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം വീതം ജയിച്ചിട്ടുണ്ട്.

**************************************************************************

************************************